10. പുനലൂർ ഗവൺമെൻറാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. വി. സുരേന്ദ്രൻപിള്ള: സർ, പുനലൂർ ഗവൺമെൻറാശുപത്രിയുടെ ശോചനീയാവസ്ഥയെക്കുറിച്ച് ഞാൻ ഈ സഭയിൽ മുമ്പ് പലതവണ ആവശ്യപ്പെട്ടിട്ടുള്ളതാണ്. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്ന ആ ആശുപത്രിയിൽ ആവശ്യത്തിന് മരുന്നില്ല. നിത്യേന ആയിരക്കണക്കിന് രോഗികൾ അവിടെ മരുന്നുവാങ്ങിക്കുന്നതിനും ചികിൽസയ്ക്കും വേണ്ടി വരുന്നുണ്ട്. ആ വലിയ ആശുപത്രിയിൽ ആവശ്യത്തിനുള്ള കിടക്കകളില്ല, ഡോക്ടർമാരില്ല, ആവശ്യത്തിനുള്ള മരുന്നില്ല. ഈ കാര്യങ്ങൾ പലതവണ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടതിനുശേഷം നാട്ടുകാരുടെ സഹായത്തോടുകൂടി ഒരു എക്സ്റേ പ്ലാൻറ് അവിടെ സ്ഥാപിച്ചു. ആ എക്സ്റേ പ്ലാൻറ് ഉൽഘാടനം ചെയ്തുകഴിഞ്ഞതിനുശേഷം ഫിലിം വാഷ് ചെയ്യുന്നതിനുള്ള മെഷീൻ ഇല്ലാത്തതുകാരണം ലക്ഷക്കണക്കിനുരൂപയുടെ മെഷിനറികൾ ഇന്ന് പ്രവർത്തനരഹിതമായിക്കിടക്കുകയാണ്. ആ മെഷിനറികൾ തുരുമ്പെടുത്തു കൊണ്ടിരിക്കുകയാണ്. ആ ആശുപത്രിയോടുചേർന്ന് തൊട്ടടുത്ത് ഒരു ടി.ബി. സാനിട്ടോറിയം ഉണ്ട്. ആ ടി.ബി. സാനിട്ടോറിയത്തിൻറെ നാലുവശവും കാടുപിടിച്ചുകിടക്കുകയാണ്. അടിയന്തിരമായും ഇത്തരം കാര്യങ്ങളിൽ പരിഹാരമുണ്ടാക്കണമെന്നഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഇതിനെ സംബന്ധിച്ചുള്ള പരാതികളൊന്നും ഇതുവരെ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലേബർ റൂം പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. എത്രയും വേഗം പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. മരുന്നുകൾ ജില്ലാ മെഡിക്കൽ സ്റ്റോറുകൾ മുഖേന ലഭിക്കുന്നുണ്ട്. അത്യാവശ്യമായ മറ്റ് മരുന്നുകളുടെ കാര്യത്തിൽ ലോക്കൽ പർച്ചേസ് നടത്താൻ അനുമതി നൽകിയിട്ടുണ്ട്. ഡോക്ടർമാരുടേയും ജീവനക്കാരുടേയും ഒഴിവുകളൊന്നും ഇപ്പോൾ അവിടെയുള്ളതായി അറിവില്ല. ആശുപത്രി പ്രവർത്തനം പൊതുവേ സുഗമമായിട്ടാണ് നടക്കുന്നതെന്നാണ് അറിയുന്നത്. ബഹുമാനപ്പെട്ട മെമ്പർക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഗവൺമെൻറിനു നേരിട്ട് സമീപിക്കാവുന്നതാണ്.

11. റബ്ബർ ഇറക്കുമതിമൂലം റബ്ബറിനുണ്ടായിട്ടുള്ള വിലയിടിവ്

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: കേന്ദ്രത്തിൽ നിന്നും പലതവണ ഉറപ്പുകിട്ടിയെന്നും ഈ സഭയിൽത്തന്നെ പലതവണ വ്യക്തമാക്കിയിട്ടും റബ്ബർ ഇറക്കുമതി ചെയ്യുന്നതുമൂലം റബ്ബറിൻറെ വില കുത്തനെ ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. കൊക്കോയുടെയും മറ്റു സ്ഥിതി റബ്ബറിനുമുണ്ടാകാൻ പോകുന്നു. വ്യാവസായികാവശ്യത്തിനുവേണ്ടിയാണ് ഇറക്കുമതി ചെയ്യുന്നതെന്നു പറയുന്നുണ്ടെങ്കിലും 35,000 ടണ്ണിനുള്ള അനുമതി മേടിച്ചതിനുശേഷം ഇതിനോടകംതന്നെ 47,000 ടൺ ഇറക്കുമതി ചെയ്തു കഴിഞ്ഞു. 60,000 ടൺ ഇറക്കുമതി ചെയ്താൽ 20,000 ടണ്ണിൻറെ ഒരു ബഫർ സ്റ്റോക്കുണ്ടാക്കാൻവേണ്ടിയാണ് ഈ ടയർ കുത്തകകൾ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നത്. എസ്.ടി.സി. യും റബ്ബർ ബോർഡുമെല്ലാം ഇതിന് അനുകൂലിക്കുന്ന ഒരു സമീപനമാണ്

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടുള്ളത്. ഈ കൃഷിക്കാരെ രക്ഷിക്കാൻവേണ്ടി വിലയിടിവ് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ടയർ കുത്തകക്കാരുടെ പരിശ്രമത്തിനെതിരായി റബ്ബർ കൃഷിക്കാരെ അടിയന്തിരമായി രക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിക്കണം. റബ്ബറിന്റെ വില താഴ്ന്നുപോകാതിരിക്കാൻ ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): സർ, എല്ലാ കൊല്ലവും റബ്ബറിന്റെവിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. 1984–ൽ ഒരു കിലോഗ്രാം റബ്ബറിന്റെ ഏറ്റവും കുറഞ്ഞവില 14 രൂപ 74 പൈസയും കൂടിയ വില 17 രൂപ 20 പൈസയുമായിരുന്നു. 1985–ൽ ഏറ്റവും കുറഞ്ഞ വില 14 രൂപ 32 പൈസയും കൂടിയ വില 16 രൂപ 75 പൈസയും ശരാശരി വില 16 രൂപയുമായിരുന്നു. ഇക്കൊല്ലം ജനുവരിയിൽ 16 രൂപ 65 പൈസയായിരുന്നു വില. മേയ്മാസത്തോടുകൂടി അത് 17 രൂപയായി വർദ്ധിച്ചു. ഇപ്പോൾ ഏതാണ്ട് 15.50 രൂപയായി കുറഞ്ഞു. സ്വാഭാവിക റബ്ബറിന്റെ ഉൽപ്പാദനവും ആഭ്യന്തര ഉപയോഗവും തമ്മിലുള്ള അസന്തുലിതാവസ്ഥയാണ് ഈ ഏറ്റക്കുറച്ചിലിന് പ്രധാന കാരണം.

1984–86 കാലഘട്ടത്തിലെ ഉൽപ്പാദനവും ഉപഭോഗവും വിടവും ഇറക്കുമതിയും താഴെപ്പറയും പ്രകാരമാണ്.

വർഷം	ഉൽപ്പാദനം (ടണ്ണിൽ)	ഉപഭോഗം (ടണ്ണിൽ)	വിടവ് (ടണ്ണിൽ)	ഇറക്കുമതി (ടണ്ണിൽ)
1984–85	186450	217510	31600	32492
1985–86	200465	235440	34975	36026

വിടവുനികത്തുവാൻവേണ്ടിയുള്ള റബ്ബർ ഇറക്കുമതി ചെയ്യാൻ കാലതാമസം വന്നാൽ റബ്ബറിന്റെ വില കൂടും. കേന്ദ്ര ഗവൺമെന്റ് 2,500 ടൺ റബ്ബറിന്റെ ഒരു ബഫർ സ്റ്റോക്കുണ്ടാക്കാൻ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഈ റബ്ബറിന്റെ വിലയിലുള്ള ഏറ്റക്കുറച്ചിലുകൾക്ക് മാറ്റം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

12. നാദാപുരം കല്ലാച്ചി ഇലക്ട്രിസിറ്റി സബ് ഡിവിഷൻ അതിർത്തിയിലെ കറണ്ടു തകരാറ്

ശ്രീ. കെ.ടി. കണാരൻ: ഈ സഭയ്ക്ക് ഇപ്പോൾ അനുഭവപ്പെട്ട ഒരു കാര്യമാണ്. ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. എന്റെ നിയോജകമണ്ഡലമായ നാദാപുരം കല്ലാച്ചി ഇലക്ട്രിസിറ്റി സബ് ഡിവിഷൻ അതിർത്തിയിൽ കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി അനുഭവപ്പെടുന്ന ദയനീയാവസ്ഥയ്ക്ക് പരിഹാരം കാണാൻ ബഹുമാനപ്പെട്ട മന്ത്രി ഇന്നു വിചാരിച്ചാൽ കഴിയുന്നതാണ്. വില്യാപ്പള്ളി ഇലക്ട്രിസിറ്റി സബ് സ്റ്റേഷനിൽനിന്നാണ് കല്ലാച്ചി സ്റ്റേഷനിലേക്ക് ഇലക്ട്രിസിറ്റി വിതരണം ചെയ്യുന്നത്. അവിടത്തെ ഫീഡർ തകരാറിലാണ്. ഒരു മഴയോ കാറ്റോ വന്നാൽ മതി ആ ഫീഡർ തകരാറിലാകും. അതൊന്നുമാറ്റി പുനഃസംവിധാനം ചെയ്ത് ഈ കല്ലാച്ചി സ്റ്റേഷ

LIBRARY ARCHIVES Kerala Legislative Assembly